**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 425** **05-07-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യിൽ പുതിയ ടിക്കറ്റ് മെഷീനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. നിലവിലെ ടിക്കറ്റ് മെഷീനുകൾക്ക് പകരം പുതിയ മെഷീനുകൾ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. ETM (ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ) മാത്രമായി വാങ്ങുവാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ NCMC / Closed Loop Card ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിലുള്ള ഡിജിറ്റൽ ടിക്കറ്റിംഗ് സൊല്യൂഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.<br><br>നിലവിൽ ഉപയോഗിച്ച് വരുന്ന ETM മെഷീനുകൾ ഡിജിറ്റൽ ഇടപാടുകൾക്ക് അനുയോജ്യമല്ല. കൂടാതെ കേന്ദ്രീകൃത എ.എഫ്.സി.എസ്. (Automatic Fare Collection System) സംവിധാനമില്ല, ഓരോ ഡിപ്പോയിലും പ്രാദേശികമായി ലോക്കൽ സെർവറിൽ ഹോസ്റ്റ് ചെയ്തിരിക്കുകയാണ്. നിലവിൽ ക്ലോസ്ഡ് ലൂപ്പ് കാർഡുകൾ മാത്രമേ സ്വീകാര്യമാകൂ, ക്ലോസ്ഡ് ലൂപ്പ് കാർഡുകളിൽ കൂടുതൽ യാത്രാ പാസുകൾ കോൺഫിഗർ ചെയ്യാൻ സാധിക്കുകയില്ല.<br><br>NCMC (National Common Mobility Card) കാർഡുകൾ നിലവിലെ ETM മെഷീനുകളിൽ ഉപയോഗിക്കാൻ സാധ്യമല്ല. പ്രസ്തുത മെഷീനുകളിൽ ഓൺലൈൻ റിസർവേഷൻ സിസ്റ്റവുമായി ബന്ധിപ്പിക്കാൻ സാധിക്കാത്തതിനാൽ ലൈവ്ടിക്കറ്റിങ് പോലുള്ള നൂതന സംവിധാനങ്ങൾ നടപ്പിലാക്കാൻ സാധിക്കുകയില്ല.<br><br>കോവിഡിനു ശേഷം ഡിജിറ്റൽ ട്രാൻസാക്ഷൻ വർദ്ധിപ്പിച്ചതിനാൽ കെ.എസ്.ആർ.ടി.സി. ഒരു ഡിജിറ്റൽ ടിക്കറ്റിംഗ് സൊല്യൂഷൻ ഉപയോഗിക്കാൻ തീരുമാനിക്കുകയായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 28.02.2023-ൽ KSRTC യുടെ കൺസൽട്ടന്റ് ആയ KRAIL എന്ന സ്ഥാപനത്തിന് ഒരു Solution Provider -നെ തെരഞ്ഞെടുക്കുന്നതിനു |

| | | | |
|---|---|---|---|
| | | | work order നല്കുകയും അവർ E-Tender ക്ഷണിക്കുകയും അതിൽ L1 ആയി വന്ന M/s. Chalo mobility Pvt Ltd. എന്ന സ്ഥാപനത്തിനെ തെരഞ്ഞെടുത്തതായി KRAIL അറിയിക്കുകയും ചെയ്തു. ടി നടപടി KSRTC യുടെ 26.09.2023-ൽ ചേർന്ന 418-ാമത് ഭരണ സമിതി യോഗം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നത് വഴി മെച്ചപ്പെട്ട ഉപഭോക്തൃ അനുഭവം ലഭ്യമാക്കാൻ സാധിക്കും ബസുകളുടെ തത്സമയ ട്രാക്കിംഗ് സംവിധാനം, ലൈവ്പാസഞ്ചർ ഇൻഡിക്കേറ്റർ, മൊബൈൽ ടിക്കറ്റുകളും പാസുകളും, UPI പേയ്മെന്റ്, കാർഡ് പേയ്മെന്റ്, നെറ്റ് ബാങ്കിംഗ് പേയ്മെന്റ്, വാലറ്റ് പേയ്മെന്റ്, ചലോപേ തുടങ്ങിയ ഡിജിറ്റൽ പേയ്മെന്റ് മോഡുകൾ, NCMC കാർഡ് / closed loop card തുടങ്ങിയ സൗകര്യങ്ങൾ മൊബൈൽ ടിക്കറ്റിംഗ് സൊല്യൂഷനിൽ ലഭ്യമാണ്.<br><br>ഇതിലൂടെ പണമിടപാടുകൾ സുഗമമാക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും ബസുകളുടെ തൽസമയ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ആപ്ലിക്കേഷൻ ഇതിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>ആയത് നടപ്പിലാക്കുമ്പോൾ മുകളിൽ സൂചിപ്പിച്ച പ്രകാരം യാത്രക്കാർക്ക് മുൻകൂറായി യാത്രകൾ പ്ലാൻ ചെയ്യുവാൻ സാധിക്കും. |
| (ബി) | പുതിയ ടിക്കറ്റ് മെഷീനുകൾ വാങ്ങുന്നതിനായി കരാറിലേർപ്പെട്ട കമ്പനിയുമായുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (ബി) | KSRTC ETM മെഷീനുകൾ മാത്രമായി വാങ്ങുവാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ NCMC / Closed Loop Card ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിലുള്ള ഡിജിറ്റൽ ടിക്കറ്റിംഗ് സൊല്യൂഷൻ ഏർപ്പെടുത്താൻ കമ്പനിയുമായി കരാറിൽ ഏർപ്പെടുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ